# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## 2025-2026

# *PBMGHSS*
# *KODUNGALLUR*

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

കൊച്ചി നഗരത്തിൽ നിന്നും 32 കിലോമീറ്റർ വടക്കായും തൃശ്ശൂർ നഗരത്തിൽ നിന്നും 40 കിലോമീറ്റർ തെക്കു പടിഞ്ഞാറുമായി കിടക്കുന്ന മനോഹരമായ ഒരു പ്രദേശമാണ് കൊടുങ്ങല്ലൂർ. ഒന്നേകാൽ നൂറ്റാണ്ടിന്റെ ചരിത്രവും പൈതൃകവും ഏറ്റുവാങ്ങിയ പി ഭാസ്കരൻ മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത് കൊടുങ്ങല്ലൂർ കോവിലകത്തിനടുത്താണ്.

കൊല്ലവർഷം 1065 ൽ ഒന്നും രണ്ടും ക്ലാസുകളോടെ ആരംഭിച്ച കൊടുങ്ങല്ലൂർ താലൂക്ക് പാഠശാല ലോവർ പ്രൈമറി സ്കൂളായും പിന്നീട് മിഡിൽ സ്കൂൾ ആയും ഉയർത്തപ്പെട്ടു. 1072 ഡിസ്ട്രിക്ട് സ്കൂൾ എന്ന് നാമകരണം ചെയ്യപ്പെട്ടു. 1083 ഹൈസ്കൂൾ ആക്കപ്പെട്ട കൊച്ചി സർക്കാർ ഹൈസ്കൂൾ 1085 പൂർണ നിലയിൽ എത്തി. ക്രിസ്തുവർഷം 1890 സ്ഥാപിച്ച ഈ വിദ്യാലയത്തിൽ നിന്ന് 1945 ൽ പെൺകുട്ടികളെ മാറ്റി അവർക്കായി മറ്റൊരു വിദ്യാലയം സ്ഥാപിക്കപ്പെട്ടു. 1990 കേരളത്തിൽ പ്രീഡിഗ്രി പഠനം സ്കൂളുകളിലേക്ക് മാറ്റിയപ്പോൾ ഹയർസെക്കൻഡറി സ്കൂൾ ആയി ഉയർത്തപ്പെട്ടപ്പോൾ പെൺകുട്ടികൾക്ക് വീണ്ടും പ്രവേശനം നൽകി. 1992 മുതൽ 5 മുതൽ 10 വരെയുള്ള ക്ലാസുകളിലേക്ക് പെൺകുട്ടികൾക്ക് പ്രവേശനം നൽകി. പൂർവ്വ വിദ്യാർത്ഥിയും ഗാനരചയിതാവും കവിയും ആയിരുന്ന പി ഭാസ്കരന്റെ ബഹുമാനാർത്ഥം 2020 ൽ ആണ് പി. ഭാസ്കരൻ മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്ന് പുനർനാമകരണം ചെയ്തത് .

പ്രശസ്തരായ സാഹിത്യകാരന്മാർ, കലാകാരന്മാർ, ഭരണസാരഥികൾ, കായിക പ്രതിഭകൾ തുടങ്ങി സമൂഹത്തിന്റെ ഉന്നത നിലകളിൽ എത്തിയ നിരവധി പേർ ഈ വിദ്യാലയത്തിലെ പൂർവ വിദ്യാർത്ഥികളാണ്. സ്വാതന്ത്ര്യസമരസേനാനികളായ മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ്, N.T. ശങ്കരൻകുട്ടിമേനോൻ, C. A. അബ്ദുൾ ഖാദർ, T. N. കുമാരൻ, K. A. ഭാസ്കരമേനോൻ, K.M. ഇബ്രാഹിം, മുൻ ഡെപ്യൂട്ടി സ്പീക്കറും ചിത്രകാരനും സാഹിത്യകാരനും ആയിരുന്ന P.K. ഗോപാലകൃഷ്ണൻ, വാഗ്മി M.N. വിജയൻ, സിനിമ ഗാനരചയിതാവും കവിയുമായ

P.ഭാസ്കരൻ, സിനിമ നടൻ ബഹദൂർ, പ്രശസ്ത നർത്തകൻ ഗുരുഗോപാലകൃഷ്ണൻ, മുൻ എം എൽ എ P.K. അബ്ദുൽ ഖാദർ, കേരള നിയമസഭയിലെ ധനമന്ത്രിയായിരുന്ന തോമസ് ഐസക്, സിനിമാ സംവിധായകനായ സച്ചി എന്നിവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ആണ്. മുൻ രാഷ്ട്രപതിയും പ്രശസ്ത ശാസ്ത്രജ്ഞനുമായ ശ്രീ A P J അബ്ദുൽ കലാം 2006 ൽ ഈ വിദ്യാലയം സന്ദർശിക്കുകയുണ്ടായി.

യുപി ഹൈസ്കൂൾ വിഭാഗങ്ങളിലായി 1161 വിദ്യാർത്ഥികളും 58 അധ്യാപകരും 5 അനാദ്ധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു. മഹത്തായ സേവനത്തിന്റെ 132 വർഷം പിന്നിട്ടുകൊണ്ട് കർമ്മോത്സുകരായ പുതുതലമുറയെ വാർത്തെടുത്തുകൊണ്ട് PBMGHSS ജൈത്രയാത്ര തുടരുന്നു.

മികവിന്റെ കേന്ദ്രമാകാൻ തയ്യാറെടുക്കുന്ന ഈ വിദ്യാലയം നേരിടുന്ന പ്രധാന പ്രതിസന്ധികൾ താഴെ പറയുന്നവയാണ്

* മികവുറ്റ ലൈബ്രറിയുടെ അപര്യാപ്തത, ലൈബ്രറിയൻ എന്ന തസ്തികയുടെ കുറവ്
* വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമല്ലാത്ത ലാബ് സൗകര്യങ്ങൾ
* ഭിന്നശേഷി തലത്തിലുള്ള കുട്ടികളെ പ്രതീക്ഷയ്ക്കൊക്കെ വിധം ഉയർത്തിക്കൊണ്ടു വരാനുള്ള പരിമിതികൾ
* മൊബൈൽ, ഇന്റർനെറ്റ്, ലഹരി തുടങ്ങിയവയുടെ കടന്നുകയറ്റത്താൽ വഴിതെറ്റുന്ന പുതിയ തലമുറ
* വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസ് മുറികളിൽ ICT സൗകര്യങ്ങളുടെ അപര്യാപ്തത
* ചെറിയ മഴയിൽ പോലും വെള്ളം കെട്ടി നിൽക്കുന്ന കളിസ്ഥലം
* അക്കാദമികേതര പ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധ പുലർത്താനുള്ള സമയപരിമിതി
* സിലബസ്സും പ്രകൃതി പഠനവും ഒത്തൊരുമിച്ച് കൊണ്ടുപോകാനുള്ള സാങ്കേതിക ബുദ്ധിമുട്ട്
* യോഗ പോലുള്ള മാനസിക പരിശീലന ക്ലാസ്സുകളുടെ അപര്യാപ്തത
* കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കായിക അധ്യാപകരുടെ കുറവ്

നിലവിലുള്ള അക്കാദമിക-അക്കാദമികേതര പരിമിതികളെ മറികടന്ന് മികച്ച വിദ്യാലയമാക്കുക എന്നതാണ് സ്കൂളിന്റെ ആത്യന്തികലക്ഷ്യം

<u>പൊതു ലക്ഷ്യങ്ങൾ:-</u>

* സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക
* തുല്യത എന്ന ആശയം പ്രവർത്തകമാക്കുക
* കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്തുക
* ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കുക
* സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുക
* പഠനത്തെ ജീവിതവുമായി ബന്ധിപ്പിക്കുക
* സ്കൂൾ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക
* കലാ-കായിക രംഗങ്ങളിൽ ഓരോ കുട്ടിയും അവരുടെ അഭിരുചിക്ക് അനുസരിച്ച് മികവ് തെളിയിക്കാനുള്ള അവസരങ്ങൾ ഒരുക്കുക
* കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക
* ശാസ്ത്രസാങ്കേതിക വിദ്യയുടെ പുരോഗതി പരമാവധി പ്രയോജനപ്പെടുത്തുക
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കൈത്താങ്ങ് നൽകി പിന്തുണയ്ക്കുക
* വൈജ്ഞാനിക രംഗങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നതിനായി വിദ്യാർത്ഥികളെ പരിശീലനത്തിന് പ്രാപ്തരാക്കുക
* ലൈബ്രറി, ലാബ് എന്നിവയുടെ ശാക്തീകരണം

* ക്ലാസ് പിടിഎ കളുടെ ശാക്തീകരണവും സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക
* ശലഭോദ്യാനം, അടുക്കളത്തോട്ട നിർമ്മാണം എന്നിവ നടപ്പിലാക്കുക
* തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുക
* തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ ആധുനിക രീതികളിലുള്ള ടോയ്‌ലറ്റ് സമുച്ചയം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നിർമ്മിക്കുക
* സർവ്വോപരി കുട്ടികളുടെ സർവതോന്മുകമായ വളർച്ചയ്ക്ക് ഉതകുന്ന എല്ലാ പ്രവർത്തികളിലും കുട്ടികളെ പങ്കാളികളാക്കി ഉത്തമ പൗരന്മാരെ വാർത്തെടുക്കുക
* ജീവിതത്തിൽ ഉണ്ടാകുന്ന വെല്ലുവിളികളുടെയും പ്രതിസന്ധിഘട്ടങ്ങളുടെയും നില തരണം ചെയ്യാൻ വേണ്ട മാനസിക പിന്തുണ നൽകി ഓരോ കുട്ടിയും തങ്ങളുടെ ലക്ഷ്യത്തിൽ എത്തിച്ചേരാൻ പ്രാപ്തരാക്കുക

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം- ഹൈസ്കൂൾ വിഭാഗം

## 2025-2026

### ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഒന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ സുപ്രധാന പങ്കാണ് വായനയ്ക്കുള്ളത്. പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർമാത്മകശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർത്ഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തക വായനയെ കുട്ടികൾ തിരിച്ചറിയും വിധമുള്ള നിരന്തര പ്രവർത്തനമാണ് 2025-26 അധ്യായന കാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായന സംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

### ലക്ഷ്യങ്ങൾ

* ഭാഷയിൽ പ്രാവീണ്യം ഉറപ്പാക്കുക
* ഉച്ചാരണശുദ്ധിയോടെയുള്ള ഭാഷാനൈപുണ്യം
* ആശയാവതരണശേഷി നേടുക
* വ്യവഹാരരൂപങ്ങളിലൂടെ ആശയവിനിമയം മെച്ചപ്പെടുത്തുക
* ഭാഷാ സൗന്ദര്യം ഉൾക്കൊള്ളാനുള്ള കഴിവ് പ്രാപ്തമാക്കുക

* കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക

* ലൈബ്രറി പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുക

* ഭിന്നശേഷിയുള്ള കുട്ടികളെ ആശയവിനിമയത്തിന് പ്രാപ്തരാക്കുക

* സർഗ്ഗശേഷികൾ പ്രകടിപ്പിക്കാൻ വേദികൾ ഒരുക്കുക

## മാതൃഭാഷാ പഠനം പ്രശ്നങ്ങൾ, പരിമിതികൾ

*എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല

* അക്ഷരജ്ഞാനമില്ലായ്മ

* എഴുതാനും വായിക്കാനും ഉള്ള വിമുഖത

* കുടുംബാന്തരീക്ഷം

* മൾട്ടിമീഡിയ റൂമുകളുടെ അപര്യാപ്തത

* സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല

* ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല

## പ്രവർത്തന പദ്ധതി വിശദീകരണം

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1 ഭാഷാശേഷി കേട്ടറിവിലൂടെ വികസിപ്പിക്കുക | രക്ഷിതാവ് ടീച്ചേഴ്സ് | അവധി ദിവസങ്ങൾ | പിടിഎ | പിടിഎ മുൻസിപ്പാലിറ്റി |
| 2 ഭാഷാശേഷി പ്രകടനത്തിലൂടെ | അധ്യാപകർ | ഒഴിവുസമയങ്ങൾ | അധ്യാപകർ | അധ്യാപകർ, രക്ഷിതാവ് ,സ്കൂൾ |

| | | | | |
|---|---|---|---|---|
| വികസിപ്പിക്കുക | | | | |
| 3 ഭാഷാശേഷി വായനയിലൂടെ വികസിപ്പിക്കുക | ക്ലാസ് ടീച്ചർ മലയാളം അധ്യാപകർ | ജൂൺ മുതൽ ഫെബ്രുവരി | സ്കൂൾ | സ്കൂൾ ലൈബ്രറി പ്രാദേശിക ലൈബ്രറികൾ |
| 4 ശില്പശാലകൾ കഥ കവിത ആസ്വാദനം | മലയാളം അധ്യാപകർ | ജൂലൈ ഓഗസ്റ്റ് | സ്കൂൾ | അധ്യാപകർ |
| 5 കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുക | അധ്യാപകർ രക്ഷിതാവ് | ജൂൺ മുതൽ ഫെബ്രുവരി | സ്കൂൾ പിടിഎ | അധ്യാപകർ രക്ഷിതാവ് |
| 6 സാഹിത്യ പഠന യാത്ര | അധ്യാപകർ | ഒക്ടോബർ നവംബർ | രക്ഷിതാവ് പിടിഎ | അധ്യാപകർ പിടിഎ രക്ഷിതാവ് |

## ഉപപ്രവർത്തനം

1 അക്ഷരക്കാർഡ് നൽകൽ അക്ഷരമുറപ്പിക്കൽ റീടെസ്റ്റ്, കേട്ടെഴുത്ത് എന്നിവയിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നു. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് നൽകുന്നു

2 പാഠപുസ്തകവായന, വാക്യങ്ങൾ നിർമ്മിക്കൽ, കഥയെഴുതൽ

3 ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ, വായനശാലയിലെ അംഗത്വം പത്രവായന,പുസ്തകചർച്ച

4 എഴുത്തു കൂട്ടം രൂപീകരണം, പുസ്തകചർച്ച, കൃതികളുടെ ആസ്വാദനം തയ്യാറാക്കൽ, ചുമർപത്രിക, വായനക്കുറിപ്പ്, പതിപ്പ്

5 സർഗ്ഗസൃഷ്ടിയുടെ പുസ്തകം തയ്യാറാക്കൽ

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**സംസ്കൃതം- ഹൈസ്കൂൾ വിഭാഗം**

**2025-2026**

| അക്കാദമികമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|
| .വായന പ്രോത്സാഹനം മാസികകൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>.വായനക്കുറിപ്പുകൾ കയ്യെഴുത്ത് മാസിക തയ്യാറാക്കൽ പ്രദർശിപ്പിക്കൽ<br>.സ്വർഗ്ഗ വേളകൾ സംഘടിപ്പിക്കൽ, സെമിനാർ കവിയരങ്ങ്<br>.സ്കൂൾ വിക്കിയുടെ ഉപയോഗം<br>.സ്കൂൾ മാഗസിനിലെ പ്രവർത്തനങ്ങൾ .അസംബ്ലികൾ<br>.മികച്ച അവതരണങ്ങൾക്ക് സമ്മാനവിതരണം<br>.ഐസിടിയുടെ ഉപയോഗം<br>.പ്രഭാഷണ സദസ്സ്<br>.പൂർവ്വ പഠനരംഗം ഓർമ്മപ്പെടുത്തൽ | .സംസ്കൃത പഠനത്തിന് താല്പര്യം ജനിക്കുന്നു .<br>.സംസ്കൃത അക്ഷര പഠനം<br>.അക്ഷര സ്പുടത<br>.സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് വാക്യങ്ങൾ എഴുതുവാനുള്ള ശേഷി<br>.സംസ്കൃതത്തിൽ സംസാരിക്കുവാനുള്ള ശേഷി<br>.കഥ, കവിത-രചനാ നൈപുണി<br>.ഭാഷ ലാബ് നിർമ്മാണം<br>.ഹ്രസ്വചിത്ര നിർമ്മാണ ശേഷി<br>.CWSN കുട്ടികളിൽ പഠനത്തിനും വായനയ്ക്കും പ്രാപ്തി |

| **മേഖല** | **പ്രവർത്തനങ്ങൾ** |
|---|---|
| കേൾവി | സംസ്കൃത കളരി സംസ്കൃത ലഘു ഗാനങ്ങൾ കേൾപ്പിക്കൽ അക്ഷരഗാനം സംഖ്യ |

| | |
|---|---|
| എഴുത്ത് | സുഭാഷിതങ്ങൾ ഗാനം അക്ഷര ശ്ലോക സദസ്സ് ഐസിടിയുടെ സാധ്യതകൾ പ്രയോഗത്തിൽ കൊണ്ടുവരുന്നത്<br>എഴുത്ത് ഭംഗിയാക്കൽ, ചാർട്ടുകൾ, A4 പേപ്പറുകൾ എന്നിവയിൽ ഭംഗിയായി എഴുതാൻ പഠിക്കൽ<br>ഗ്രൂപ്പ് തിരിച്ചെഴുതിക്കുന്നു<br>ശബ്ദകോശ നിർമ്മാണം |
| വായന | വാക്യ രചന, പ്രശ്നവാചക നിർമ്മാണം<br>ഭാഷാ ലാബ് നിർമ്മാണം<br>പുസ്തകപരിചായനം<br>ആഴ്ചയിൽ ഒരു വായനാ ദിവസം |
| അവതരണം<br>ചിത്രീകരണം | സംഭാഷണം, നാടക അഭിനയം, കവിതാലാപനം, പ്രഭാഷണം തുടങ്ങിയവ<br>വിവിധ ഡോക്യുമൻറി നിർമ്മാണം<br>ഹ്രസ്വചിത്ര നിർമ്മാണം<br>സെമിനാർ അവതരണം<br>ചിത്രകല പ്രവർത്തനങ്ങൾ നിർമ്മിക്കൽ |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**അറബിക്- ഹൈസ്കൂൾ വിഭാഗം**

**2025-2026**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനശീലം വളർത്തുക, നല്ല വായനക്കാരനാവുക<br>**എഴുത്ത്**<br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുക | അറബിക് ലൈബ്രറി ശാക്തീകരണം, അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു, പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു, കഥകൾ, കവിതകൾ, ചിത്രകഥകൾ.... വായനാ കോർണർ സ്ഥാപിക്കുന്നു<br><br>ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.<br><br>കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കിളുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ | ആറുമാസം<br>ജൂൺ - നവംബർ<br><br>സെപ്റ്റംബർ - നവംബർ<br><br>നവംബർ - ഡിസംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി ആർ സി ഡയറ്റ് പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ്<br><br>അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ<br><br>സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| **<u>അറിവിൻ തിളക്കം</u>**<br>അറബിയിൽ അറിവ് നേടുക | മാഗസിൻ തയ്യാറാക്കും<br>മാസാന്ത്യ ക്വിസ് കാർണിവൽ, ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസ്സിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ് ലാപ്ടോപ്പ് | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| **<u>പ്രതിഭകളെ കണ്ടെത്തൽ</u>** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലൈ ആഗസ്റ്റ് | സ്റ്റേജ് സൗണ്ട് ബോക്സ് | അധ്യാപകർ |
| **<u>ദിനാചരണങ്ങൾ</u>**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | നവംബർ | സിഡി കമ്പ്യൂട്ടർ ടിവി പ്രൊജക്ടർ | അധ്യാപകർ |
| **<u>ആസ്വാദനം</u>** | ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു തനതായ അറബി ഭാഷ കേൾക്കാനും | ജനുവരി | സി ഡി കമ്പ്യൂട്ടർ ടിവി പ്രൊജക്ടർ | ബി ആർ സി ഡയറ്റ് പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| <u>**അറബിക് ലാംഗേജ് ലാബ്**</u><br><br><u>**അറബിക് ഫെസ്റ്റ്**</u><br>അറബിഭാഷയെക്കുറിച്ച് കൂടുതലറിയാൻ | അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക<br>അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ<br>അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു.<br>പോസ്റ്റർ പ്രദർശനം, ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു | ഡിസംബർ | സി ഡി<br>കമ്പ്യൂട്ടർ<br>ടി വി<br>പ്രൊജക്ടർ | ബി ആർ സി<br>ഡയറ്റ് പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**ഇംഗ്ലീഷ്- ഹൈസ്കൂൾ വിഭാഗം**

**2025-2026**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുവാൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br>ഇംഗ്ലീഷ് ലൈബ്രറി നവീകരണം<br>ഇംഗ്ലീഷ് കോർണർ സ്റ്റോറി ടൈം ഇംഗ്ലീഷ് അസംബ്ലി<br>A speech a day | ശനിയാഴ്ചകൾ, മറ്റ് അവധി ദിവസങ്ങൾ | പി.ടി.എ<br>ടീച്ചേഴ്സ് | പി.ടി.എ<br>മാനേജ്മെന്റ് |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Role play, English day ആചരണം, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തെരഞ്ഞെടുത്ത് കൊറിയോഗ്രാഫി | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ<br>ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കരണം നടത്തുന്നു | | | |
| സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജമാക്കുക | കയ്യെഴുത്ത് മാസിക, കാർട്ടൂൺസ്, പബ്ലിക് സ്പീക്കിംഗ്, പത്രവായന, പത്രവാർത്തകൾ തയ്യാറാക്കൽ അസംബ്ലി ന്യൂസ് വായിക്കൽ, ന്യൂസ് റീഡിങ് കോമ്പറ്റീഷൻസ് | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ് |
| നാടകീകരണം | Skit, Role play, Puppet show, പാഠഭാഗങ്ങളിൽ നിന്നും രംഗങ്ങൾ കണ്ടെത്തി നാടകാവതരണം | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | PTA, SRG അധ്യാപകർ | പി.ടി.എ |
| കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാരചന-ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു രചനകളുടെ പ്രദർശനം(magazine) | വർഷത്തിൽ മൂന്ന് തവണ | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| സാങ്കേതികവിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക | ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം കുട്ടികൾ നടത്തിയ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശനം | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം, അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ PTA, SRG | പി.ടി.എ എസ് ആർ ജി മാനേജ്മെന്റ് |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**ഹിന്ദി - ഹൈസ്കൂൾ വിഭാഗം**

**2025-2026**

**<u>പൊതുവായ ലക്ഷ്യങ്ങൾ</u>**

*സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക

*എല്ലാ കുട്ടികൾക്കും ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ നേടി എന്ന് ഉറപ്പുവരുത്തുക

*ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

*ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

*കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

## എട്ടാം ക്ലാസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| *അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു | ഐസിടിയുടെ സഹായത്തോടെ അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ ഉറക്കെ വായിക്കാനും തിരിച്ചറിയാനും സഹായിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം മനസ്സിലാക്കുന്നു | ഹ്രസ്വം<br>ജൂൺ<br>ജൂലൈ |

| | | |
|---|---|---|
| കവിത വായിച്ച് ആസ്വാദനം, ആശയം, ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ പ്രാപ്തരാക്കുന്നു | കവിഭാവന കവിതയുടെ ഭാഷ അർത്ഥം എന്നിവ മനസ്സിലാക്കുന്നു. കവിതാലാപനം കവിതയുടെ ദൃശ്യാവിഷ്കരണവും കുട്ടികൾ പഠിക്കുന്നു. | ജൂലൈ |
| ഹിന്ദിയിൽ കഥ വായിക്കുവാനും മനസ്സിലാക്കുവാനും ഡയറി കത്ത് എഴുത്ത് എന്നിവ എഴുതുവാനുമുള്ള ശേഷി വളർത്തിയെടുക്കുന്നു | കഥ വായിക്കാനുള്ള കഴിവ് മനസ്സിലാക്കി പ്രവർത്തനങ്ങൾ നൽകുന്നു | ആഗസ്റ്റ് |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധികം പ്രാധാന്യം നൽകുന്നു. കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുന്നു. | കേട്ടെഴുത്ത് പദസൂര്യൻ ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയ വായനയ്ക്കായി നൽകുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി |

## ഒമ്പതാം ക്ലാസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്ര പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ജൂൺ<br>ജൂലൈ |
| നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന | ഐസിടി സഹായത്താൽ സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ സഹായിക്കുന്നു. കവിത, കഥ | ആഗസ്റ്റ്<br>സെപ്റ്റംബർ |

| | | |
|---|---|---|
| പരിചയപ്പെടുത്തുന്ന ചെറിയ ചെറിയ കാര്യങ്ങൾ എഴുതുന്നു | എന്നിവ മനസ്സിലാക്കി തുടർപ്രവർത്തനങ്ങൾ നടത്തുന്നു | |
| പോസ്റ്റർ തയ്യാറാക്കുന്നു കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. ദൃശ്യാവിഷ്കാരം നടത്തുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങളിൽ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് അവതരിപ്പിക്കുന്നു. | ഒക്ടോബർ<br>നവംബർ |
| ഡയറി കത്ത് കഥാപാത്രം നിരൂപണം പത്രവാർത്ത സംഭാഷണം തിരക്കഥ എന്നിവ എഴുതുവാൻ ഉള്ള ശേഷി നേടുന്നു | വിവിധ പാഠഭാഗങ്ങളിലൂടെ ഡയറി, കത്ത്, കഥാപാത്രനിരൂപണം, പത്രവാർത്ത, സംഭാഷണം, തിരക്കഥ എഴുതുവാൻ പഠിക്കുന്നു | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി |

## പത്താം ക്ലാസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ജൂൺ<br>ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി മഞ്ച്, ഹിന്ദി ദിവസം, വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |

| | | |
|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു. ഡയറി എഴുതുവാൻ അറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | നവംബർ ഡിസംബർ |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**സാമൂഹ്യശാസ്ത്രം - ഹൈസ്കൂൾ വിഭാഗം**

**2025-2026**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനും നടത്തുന്നു നിശ്ചയിച്ച തീയതികളിൽ നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA, സ്കൂൾ കുട്ടികൾ |

| | | | | |
|---|---|---|---|---|
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്,മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ഇനങ്ങളിൽ നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA, സ്കൂൾ സുമനസ്സുക ൾ |
| മതേതരത്വം സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | സർവ്വേ പ്രൊജക്റ്റ്, ചർച്ചകൾ, സംവാദം ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | വർഷം മുഴുവനും നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ മാനേജ്മെ ന്റ് |
| ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവനും നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാ സ്ത്ര ക്ലബ്ബ് |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കുക. | വർഷം മുഴുവനും നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാ സ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | പ്രോജക്ട്, ദിനാചരണങ്ങൾ, ഫീൽഡ് ട്രിപ്പുകൾ, വീഡിയോ എന്നിവയിലൂടെ കുട്ടികളെ വ്യത്യസ്ത ഭൂമിശാസ്ത്ര ഘടകങ്ങളെ പരിചയപ്പെടുത്തുന്നു | അക്കാദമിക വർഷം മുഴുവനും നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ, സ്കൂൾ |
| സ്കൂൾതലത്തിൽ തുടങ്ങിയ സംസ്ഥാനതലമാരെ എത്തുന്ന വിവിധ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്നു | സാമൂഹ്യശാസ്ത്രമേളകൾ, ക്വിസ്, എക്സിബിഷൻ തുടങ്ങിയവയ്ക്ക് പ്രത്യേകം പരിശീലനം നൽകുന്നു | അക്കാദമിക വർഷം മുഴുവനും നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് , പിടിഎ, സ്കൂൾ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## സയൻസ് - ഹൈസ്കൂൾ വിഭാഗം

## 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ജിജ്ഞാസയിലൂടെ: ജിജ്ഞാസ, കൗതുകം, നിരീക്ഷണ പാടവം, ആത്മവിശ്വാസം എന്നിവ പരിപോഷിപ്പിക്കൽ മാനവികതയിൽ ഊന്നിയുള്ള | പരീക്ഷണം, നിരീക്ഷണം മോഡൽ നിർമ്മാണം, പ്രദർശനം, ശാസ്ത്രലൈബ്രറി മൈക്രോ ലാബ്, ശാസ്ത്ര മാഗസിൻ, ശാസ്ത്ര ശിൽപശാലകൾ, ലഘു പ്രോജക്ട് നൽകി അവയുടെ അവതരണം പൊതുവേദിയിൽ | 2025 -'26 | സയൻസ് അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തുക | സെമിനാർ അവതരണം | | | |
| പാരന്റിംഗ് അവയർനസ് ക്ലാസുകൾ | അഡോളസൻസ് കാലഘട്ടത്തിലുള്ള കുട്ടികളെ മനസ്സിലാക്കി പഠനത്തിൽ സഹായിക്കാൻ രക്ഷിതാക്കളെ പ്രാപ്തരാക്കാനുതകുന്ന ക്ലാസുകൾ | 2025 -’26 | സയൻസ് അധ്യാപകർ | PTA |
| ആരോഗ്യ സംരക്ഷണം പരിസ്ഥിതി സൗഹൃദം എന്നിവ മനോഭാവം വളർത്തുക | .കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൂംബാ ഡാൻസ് ക്ലാസ് നടത്തൽ<br>.പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നു<br>.തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ<br>.ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ | 2025 -’26 | സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്, ഹരിതസേന സീഡ് | കൃഷിവകുപ്പ് ഹരിതസേന സീഡ് |
| ഹൈടെക് വേൾഡ് : ശാസ്ത്രബോധം വളർത്തുക | സയൻസ് ലാബ്, ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | 2025 -’26 | സയൻസ് അധ്യാപകർ | PTA |
| വൈജ്ഞാനിക ബഹിർസ്ഫുരണം : അന്വേഷണത്വര വർദ്ധിപ്പിക്കൽ നേരറിവ് | .ശാസ്ത്രകാരന്മാരുമായി സംവദിക്കൽ<br>.സംസ്ഥാന, ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുപ്പിക്കുന്നു | 2025 -’26 | സയൻസ് ക്ലബ്, | രക്ഷിതാക്കൾ മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| നേടൽ | .പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം - ഹൈസ്കൂൾ വിഭാഗം

## 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ആസ്വാദനം കഥകളിലൂടെ | ഗണിത ശില്പശാല, ഗണിത കഥാവായന, കഥാരചന, ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ | ജൂൺ ജൂലൈ | ഗണിത ക്ലബ് ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| ഗണിത പഠനം | അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ, മനകണക്കുകൾ, പസിലുകൾ, ഗണിത ക്വിസുകൾ, ഗണിതശാസ്ത്രമേള പ്രവർത്തനങ്ങൾ | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | ഗണിത ക്ലബ് ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| ഗണിതശേഷികൾ കൈവരിക്കൽ | ശാസ്ത്രമേള ഇനങ്ങളിലെ പരിശീലനം, ഗണിതമൂല പ്രവർത്തനങ്ങൾ, ഒറിഗാമിയിലൂടെ വിവിധ ഗണിത രൂപ നിർമ്മാണം | നവംബർ ഡിസംബർ | ഗണിത ക്ലബ് ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| SSLC റിസൾട്ട് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് തീവ്ര പരിശീലനം വിവിധതരം മോഡ്യൂൾ നിർമ്മാണം | ജനുവരി ഫെബ്രുവരി | ഗണിത ക്ലബ് ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# IT Club - ഹൈസ്കൂൾ വിഭാഗം

# 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സൈബർ ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക | സൈബർ ദുരുപയോഗങ്ങൾക്ക് എതിരെയുള്ള ബോധവൽക്കരണം. മാറി മാറി വരുന്ന സാങ്കേതികവിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | P T A |
| നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക | സ്വതന്ത്ര സോഫ്റ്റ്വെയറുകൾ ഉപയോഗിച്ചുള്ള പഠനം | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | P T A |
| സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | P T A |

| | | | | |
|---|---|---|---|---|
| വിദ്യാലയത്തിലെ മികവുകളുടെ പ്രദർശനവും (റോബോട്ടിക്സ്, ഡിജിറ്റൽ പെയിന്റിംഗ്, ആർട്ട്, ക്രാഫ്റ്റ്, സയൻസ്) അതുവഴി മറ്റ കുട്ടികൾക്ക് പ്രചോദനവും | റോബോട്ടിക്സ് ആർട്ട് ക്രാഫ്റ്റ് സയൻസ് ഐടി ഡിജിറ്റൽ പെയിന്റിംഗ് എക്സിബിഷൻ | അക്കാദമിക വർഷം | ATL,Little kites, IT Club | P T A |
| സാങ്കേതികവിദ്യയുടെ സഹായത്തോടെ കുട്ടികളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കൽ | ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക | അക്കാദമിക വർഷം | Little kites, IT Club | P T A |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**ആരോഗ്യ കായിക വിദ്യാഭ്യാസം**

**2025-’26**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക. | ടെക്സ്റ്റ് ബുക്ക് പഠനം, വിവിധ ഗെയിമുകളെ കുറിച്ച് കുട്ടികൾക്ക് വിശദമായി പഠിപ്പിക്കുന്നു. രാവിലെ 6 30 to 8 am വരെ പരിശീലനം വോളിബോൾ *വൈകുന്നേരം 4 pm 5.30 pm വരെ | ജൂൺ ജൂലൈ ആഗസ്റ്റ് | കായിക അധ്യാപിക | P T A |

| | | | | |
|---|---|---|---|---|
| കായിക പരിശീലനത്തിലൂടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരിക പൂർണ്ണമായ നല്ലൊരു ജനതയെ വാർത്തെടുക്കുന്നു<br>2.ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളിൽ കായിക ലഹരി ഉണ്ടാക്കിയെടുക്കുന്നു കുട്ടികളിൽ വ്യക്തിത്വവികസനം വളർത്തിയെടുക്കുന്നതിൽ കായിക മേഖലയ്ക്ക് പങ്ക് എത്രത്തോളം ഉണ്ടെന്ന് പറഞ്ഞ് മനസ്സിലാക്കുന്നു.<br>3. ആരോഗ്യ കായികോന്നമനത്തിനായി സ്കൂൾ കായികവേദിയുടെ തനത് പ്രവർത്തനങ്ങൾ<br>4. ഉപജില്ല ജില്ലാ സംസ്ഥാന | ഫുട്ബോൾ ക്രിക്കറ്റ് കബഡി വോളിബോൾ പരിശീലനം<br>*ഫിസിക്കൽ എജ്യൂക്കേഷൻ പിരീഡിൽ വിവിധ മൈനർ ഗെയിമുകൾ കളിപ്പിക്കുന്നു<br>*പ്രഥമ ശുശ്രൂഷ റോഡ് സുരക്ഷ എന്നിവയുടെ പരിശീലന ക്ലാസ്<br>*June 21 യോഗ മ്യൂസിക്കൽ ദിനത്തോടനുബന്ധിച്ച് യോഗയും സൂംബയും എല്ലാ കുട്ടികളും അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>സ്കൂൾ കായിക വേദി രൂപീകരിക്കുക വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുക സ്കൂൾ സ്പോർട്സ് ഡേ, ബാഡ്മിന്റൺ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി, വോളിബോൾ, അത്‌ലറ്റിക്സ് എന്നീ ഗെയിമുകളിലൂടെ ഉപജില്ല, ജില്ല, സംസ്ഥാന മത്സരങ്ങൾക്കു വേണ്ടിയുള്ള പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു അതോടൊപ്പം തന്നെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക. കുട്ടികൾക്ക് വേണ്ട പ്രോത്സാഹനങ്ങൾ നൽകുക | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | | |

| | | | | |
|---|---|---|---|---|
| മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ<br>5. പെൺകുട്ടികളുടെ ആത്മവിശ്വാസം വളർത്തലും ശാക്തീകരണവും | | | | |

**<u>പരിമിതികൾ</u>**

കുട്ടികളുടെ കായിക നിലവാരം ഉയർത്തുന്നതിന് ആവശ്യമായ പലതരത്തിലുള്ള കളിസ്ഥലങ്ങളുടെ അപര്യാപ്തത. കായിക ഉപകരണങ്ങളുടെ അപര്യാപ്തത.

## അക്കാദമിക മാസ്റ്റർ പ്ലാൻ

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

## 2025-'26

| മാസം | പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | പങ്കാളിത്തം |
|---|---|---|---|
| ജൂൺ<br>ഫെബ്രുവരി | നാല് മേഖല ഇതിൽ ഉൾപ്പെടുന്നു<br>1 കൃഷി :പൂക്കാലം സൃഷ്ടിക്കാം അലങ്കരിക്കാം<br>നാടൻ പൂക്കൾ കൃഷി ചെയ്യുന്ന രീതി,<br>വിവിധതരം പുഷ്പാലങ്കാര ശൈലികൾ, പൂക്കളിൽ നിന്നുള്ള മൂല്യ വർധിത | കുട്ടികളെ 4-5 ഗ്രൂപ്പുകളായി തിരിച്ച് വ്യത്യസ്തതരം പൂക്കളെ പരിചയപ്പെടുത്തുകയും അവയുടെ കൃഷി രീതി അതിൽ നിന്നും ഉത്പാദിപ്പിക്കുന്ന മൂല്യ വർദ്ധിത വസ്തുക്കൾ പരിചയപ്പെടുത്തുക | 8,9,10<br>ക്ലാസ്സുകൾ |

| | | | |
|---|---|---|---|
| | വസ്തുക്കൾ ഉണ്ടാക്കൽ | | |
| | 2 പ്ലംബിങ് :തുള്ളി നന സംവിധാനം | ട്രിപ്പ് ഇറിഗേഷൻ ചെയ്യുന്നതിന് ആവശ്യമായ വസ്തുക്കൾ ചിത്രങ്ങളിലൂടെ കുട്ടികളെ പരിചയപ്പെടുത്തുക ഒരു ചെടിക്ക് ആവശ്യത്തിനുള്ള ജലം ഏതെല്ലാം രീതിയിൽ ചെയ്യുക എന്നുള്ള അറിവ് കുട്ടികളോട് കണ്ടെത്താൻ പരിശ്രമിക്കുക | |
| | 3 മാധ്യമങ്ങളും വിനോദവും കരുതിവയ്ക്കാം തെളിവുകൾ | ക്ലാസുകളിൽ ഓരോ കുട്ടിയുടെയും കഴിവുകൾ പ്രകടിപ്പിക്കുമ്പോൾ വീഡിയോകൾ പിടിക്കാനും ഡോക്യുമെന്റേഷൻ ഗ്രൂപ്പായി ചെയ്യാൻ പ്രാപ്തരാക്കുക | |
| | 4 പ്രിന്റിംഗ് ആൻഡ് സ്റ്റേഷനറി - ബുക്ക് ബൈൻഡിങ് എന്ന കല | കുട്ടികളെ ഗ്രൂപ്പായി തിരിച്ച് വിവിധതരത്തിലുള്ള പുസ്തകങ്ങളുടെ നിർമ്മാണരീതികൾ പഠിപ്പിക്കുക. പേപ്പർ പേന ഉണ്ടാക്കുന്ന വിധം പഠിപ്പിക്കുക | |

# CWSN കുട്ടികളുടെ
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-’26

**ലക്ഷ്യങ്ങൾ**

*CWSN കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമാക്കി കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുക

*SSK നടത്തുന്ന ക്യാമ്പിൽ (മെഡിക്കൽ) വൈകല്യം എന്ന് സംശയിക്കുന്ന എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുക

*കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും CWSN കുട്ടികളും ആർജിക്കുക

*ICT സാധ്യത പ്രയോജനപ്പെടുത്തി അക്കാദമിക പിന്തുണ ഉറപ്പ് വരുത്തുക

*സ്കൂൾതലത്തിലും ഉപജില്ലാതലത്തിലും നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക

*ഇൻക്ലൂസീവ് സ്പോർട്സിൽ പങ്കെടുപ്പിക്കുക

*കലോത്സവ വേദികളിൽ ഈ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക

*പഠന വിനോദയാത്രകളിൽ ഇത്തരത്തിലുള്ള കുട്ടികളെയും കൂടി പങ്കെടുപ്പിക്കുക

*ക്ലബ്ബ് പ്രവർത്തനങ്ങളിലും സ്കൂൾ അസംബ്ലിയിലും കുട്ടികളെ ഉൾപ്പെടുത്തുക

*ഇത്തരത്തിലുള്ള കുട്ടികളുടെ അക്കാദമിക മികവിന് അപ്പുറം സ്വയംതൊഴിൽ സ്വായത്തമാക്കാനുള്ള അവസരം സ്കൂൾ തലത്തിൽ തന്നെ തുടങ്ങുക

## CWSN കുട്ടികളുടെ അക്കാദമിക-ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രശ്നങ്ങൾ

### അക്കാദമികം

*വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങളുണ്ട്

*ഓരോ വിഭാഗത്തിലുള്ള കുട്ടികൾക്കും അവരെ വിലയിരുത്തുന്നതിനായി ഉപയോഗിക്കുന്ന പരീക്ഷാരീതിയും ചോദ്യപേപ്പറും കുട്ടിക്ക് ബുദ്ധിമുട്ടാകുന്നു

*എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല

### ഭൗധികം

*സ്കൂളിലെ ഓരോ വിങ്ങിലും (building) അഡാപ്റ്റഡ് ടോയ്‌ലറ്റ് ആവശ്യമാണ്

*CP, OH കുട്ടികളുള്ള ക്ലാസ് മുറികളിൽ വാഷ്ബേസിൻ ആവശ്യമാണ്

*ഇത്തരത്തിലുള്ള കുട്ടികളുണ്ടെങ്കിൽ താഴെ ടോയ്‌ലറ്റിനോട് ചേർന്നുള്ള ക്ലാസ് മുറികൾ അറേഞ്ച് ചെയ്യുവാൻ വേണ്ട മുന്നൊരുക്കം നടത്തുക

*ഇങ്ങനെയുള്ള കുട്ടികൾക്ക് ICT അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യം ഒരുക്കേണ്ടതാണ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

### കലാ വിദ്യാഭ്യാസം

### 2025-'26

| മാസം | പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | പങ്കാളിത്തം |
|---|---|---|---|
| ജൂൺ - ഫെബ്രുവരി | . ഇന്ത്യയിൽ നിലനിൽക്കുന്ന തനത് ചിത്രരചനാശൈലികളെ പരിചയപ്പെടൽ<br><br>. വിവിധ നിറങ്ങളും അവയുടെ മിശ്രണവും മനസ്സിലാക്കൽ<br><br>. പ്രകൃതിയുടെ സൂക്ഷ്മ നിരീക്ഷണം<br><br>. വ്യത്യസ്ത സംഗീത രീതികളും കലാകാരന്മാരെയും പരിചയപ്പെടൽ | . വാർലി ചിത്ര പ്രദർശനം<br>. കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു.<br>. സ്കൂളും പരിസരവും ചിത്രീകരിച്ച പ്രദർശിപ്പിക്കുന്നു.<br>. ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ പോസ്റ്റർ രചന നടത്തുന്നു<br>. വ്യത്യസ്ത സംഗീത രൂപങ്ങളെയും കലാകാരന്മാരെയും സംബന്ധിക്കുന്ന പ്രസന്റേഷൻ അവതരണം<br>. ജൂലൈ 29 വാൻഗോഗ് ഓർമ്മദിനം, ജൂലൈ 31 | 8,9,10 ക്ലാസ്സുകൾ |

| | | | |
|---|---|---|---|
| | . പ്രശസ്ത ചിത്രകലാ പ്രതിഭകളെ പരിചയപ്പെടുന്നു<br><br>. അധ്യാപകർ കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയൽ<br><br>. പ്രശസ്ത ഇന്ത്യൻ വ്യക്തിത്വങ്ങളെ പരിചയപ്പെടൽ | കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം .ഈ ദിനങ്ങളിൽ ഈ ചിത്രകാരന്മാരെ പരിചയപ്പെടുത്തി കൊണ്ടുള്ള പ്രസന്റേഷൻ അവതരണം . കുട്ടികൾ വരച്ച കാർട്ടൂൺ ചിത്രങ്ങളുടെ പ്രദർശനം<br>. സെപ്റ്റംബർ 5 ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് കുട്ടികൾ അധ്യാപകരോടൊത്തുള്ള ക്ലാസ് റൂം രംഗങ്ങൾ പെൻസിൽ ഡ്രോയിങ് ചെയ്ത് പ്രദർശിപ്പിക്കുന്നു<br>. ഒക്ടോബർ രണ്ട് ഗാന്ധിജയന്തി രാജാ രവിവർമ്മ സ്മൃതി ദിനം<br>. ഗാന്ധിജിയുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ ചിത്രീകരണം കുട്ടികൾ പ്രദർശിപ്പിക്കുന്നു.<br>. രാജാരവിവർമ്മയും അദ്ദേഹത്തിന്റെ ചിത്രങ്ങളും പ്രസന്റേഷനായി അവതരിപ്പിക്കുന്നു | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം- UP വിഭാഗം

## 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 ഭാഷയുടെ അടിസ്ഥാനശേഷി വികസനം | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കുറിപ്പായി എഴുതി അവതരിപ്പിക്കുന്നു<br>**ഭാഷ കേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺമാസം | മലയാളം അധ്യാപകർ |
| 2 പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ |
| 3 **ഭക്ഷ്യമേള** | ഭക്ഷ്യവിഭവങ്ങളുടെ പ്രദർശനം അവ | ജൂലൈ | ക്ലാസ് |

| | | | |
|---|---|---|---|
| പോഷക സമൃദ്ധമായ നാടൻ ഭക്ഷ്യവിഭവങ്ങൾ പരിചയപ്പെടുന്നു | തയ്യാറാക്കുന്ന വിധവും പരിചയപ്പെടുന്നു | | അധ്യാപകർ |
| 4 കവിതാ ശിൽപ്പശാല കുട്ടികൾക്ക് കവിതകൾ ആലപിക്കുന്നതിനും കവിത രചിക്കുന്നതിനുള്ള ശേഷി നേടുന്നു | കൊടുങ്ങല്ലൂരിലെ പ്രശസ്തരായ സാഹിത്യകാരന്മാരെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുന്നു | നവംബർ | വിദ്യാരംഗം കലാസാഹിത്യ വേദി |
| 5 **സർഗ്ഗ വേള** കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള വേദി | സർഗ്ഗ വേളയിൽ കുട്ടികൾ കഥ പറയൽ, കവിതാലാപനം, പ്രസംഗം, നാടൻപാട്ട്, അഭിനയം എന്നീ പരിപാടികൾ അവതരിപ്പിക്കുന്നു | എല്ലാ വെള്ളിയാഴ്ചയും | അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## ഇംഗ്ലീഷ്- UP വിഭാഗം
## 2025-’26

| Aim | Activities | Duration | Charge | Finance |
|---|---|---|---|---|
| To develop comprehension skills | * Story time: Presents simple stories in the class and asks comprehension questions<br>*Stories are presented using ICT children retell the story in their own words<br>*E cube | June to August | All English Teachers | PTA |
| To develop confidence | *Children present their own stories in the | September - | | |

| | | | | |
|---|---|---|---|---|
| in speaking English | class<br>*Prepare and presents speeches on day celebrations | December | | |
| To develop interest in English | * Puzzle/ Riddle corner<br>* Language Games<br>*TPR Activities | June to February | | |
| To develop perfomance skills | * Presentation of stories , Poems, Skits, speeches etc in (English time) gathering in the school(Monthly) | Once a month | | |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**ഹിന്ദി- UP വിഭാഗം**

**2025-'26**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **സമയം** | **ഭൗതിക സാമഗ്രികൾ** | **പിന്തുണ** |
|---|---|---|---|---|
| 1.യുപി തലത്തിലെ എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിച്ച് ഹിന്ദി ഭാഷ സ്വായത്തമാക്കുക | *അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>*അക്ഷര കാർഡ് നിർമ്മാണം<br>*അക്ഷരമാല ചാർട്ട് പ്രദർശനം<br>*അക്ഷരമാല കളികൾ<br>*വാക്കുകൾ വാക്യങ്ങൾ ഇവയുടെ നിർമ്മാണം | ജൂൺ -<br>സെപ്റ്റംബർ | അക്ഷര ചാർട്ട്, പാഠപുസ്തകം, ലൈബ്രറി പുസ്തകങ്ങൾ, ഹിന്ദി നിഘണ്ടു | റിസോഴ്സ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| 2.ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനും എഴുതുവാനും പ്രയോഗിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക | *അധിക വായന സാമഗ്രികൾ തയ്യാറാക്കൽ<br>*ICT സഹായത്തോടെ ഹിന്ദി അന്തരീക്ഷം സജ്ജമാക്കൽ<br>*വാക്യങ്ങൾ കേട്ട് ആശയ ഗ്രഹണം<br>*പ്രതിജ്ഞ, ഹിന്ദി അക്ഷരങ്ങൾ, മാസങ്ങൾ സ്ഥിരമായി വായിക്കുവാൻ സൗകര്യം  ഒരുക്കൽ<br>*വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായനയ്ക്കായി നൽകുന്നു.<br>*ഹിന്ദി വായന കൂടുതൽ കേൾക്കാനും പ്രയോഗിക്കാനും അവസരം ഒരുക്കുക<br>*ദൈനംദിന ജീവിതത്തിൽ മറ്റു ഭാഷകളോടൊപ്പം അറിയാവുന്ന ഹിന്ദി വാക്കുകൾ പ്രയോഗിക്കാൻ അവസരം നൽകുക<br>*പരസ്പരം ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള അവസരം ഒരുക്കുക | സെപ്റ്റംബർ<br><br>ഒക്ടോബർ | വർക്ക് ഷീറ്റുകൾ ചിത്ര പുസ്തകങ്ങൾ വായന കാർഡുകൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകമായ രചനകൾ സൃഷ്ടിക്കാനുമുള്ള അവസരം | *ഹിന്ദി അസംബ്ലി ,ഹിന്ദി മത്സരങ്ങൾ<br>* ദിനാചരണ പ്രവർത്തനങ്ങൾ<br>* രചനാ മത്സരങ്ങൾ (കഥ, കവിത)<br>*അധിക വായന സാമഗ്രികൾ<br>* വായനാമൂല<br>* കയ്യെഴുത്തു മാസിക നിർമ്മാണം<br>* ലൈബ്രറി<br>* സുരീലി സഭ<br>* ക്ലബ്ബ് പ്രവർത്തനങ്ങൾ | സെപ്റ്റംബർ<br>ഫെബ്രുവരി | ലൈബ്രറി പുസ്തകങ്ങൾ,<br>ചിത്രങ്ങൾ | അധ്യാപകർ, BRC |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**സംസ്കൃതം- UP വിഭാഗം**

**2025-’26**

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|
| 1 അക്കാദമികം ലക്ഷ്യം:-<br>എല്ലാ കുട്ടികൾക്കും ഫലപ്രദമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | വായനാ മൂല വായന:-<br>പരിപോഷിപ്പിക്കുന്നതിനായി<br>ലഘു വായന കാർഡുകൾ, ബാലകഥകൾ, കവിതകൾ, പതിപ്പ് ഉൾപ്പെടുത്തി വായന മൂല ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | |

| | | | |
|---|---|---|---|
| | മാഗസിൻ നിർമ്മാണം, പോസ്റ്റർ നിർമ്മാണം, പദപ്പയറ്റ് തുടങ്ങിയവ സംഘടിപ്പിക്കുന്നു | | അധ്യാപിക |
| 2 അക്കാദമികം ലക്ഷ്യം:- നിത്യം ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക | സംസ്കൃത പ്രദർശനി:- സംസ്കൃത ദിനാചരണം അസംബ്ലി തുടങ്ങിയവയിലൂടെ സംസ്കൃത ഭാഷ മനസ്സിലാക്കുന്നു. ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്സ്, രചന ശില്പശാലകൾ സംഘടിപ്പിക്കുന്നു | ജൂലൈ മുതൽ ജനുവരി വരെ | |
| 3 അക്കാദമികം ലക്ഷ്യം:- മികച്ച കുട്ടികൾക്ക് മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടുക | പരീക്ഷാ പരിശീലനം:-USS, സംസ്കൃത സ്കോളർഷിപ്പ്, കലോത്സവം, പ്രശ്നോത്തരി, രചന മത്സരങ്ങൾ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു | ജൂലൈ മുതൽ ജനുവരി വരെ | |
| 4 അക്കാദമികം ലക്ഷ്യം:- IT സാധ്യതകളെ പ്രയോജനപ്പെടുത്തുക | ICT സാധ്യത:-സമഗ്ര പോർട്ടൽ, സംസ്കൃതം പാഠഭാഗവുമായി ബന്ധപ്പെട്ട സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം- UP വിഭാഗം

## 2025-’26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാസ്വാദനം കഥകളിലൂടെ | ഗണിത കഥകളിലൂടെ -ശില്പശാല ഗണിത കഥകളുടെ അവതരണം, ഗണിത കഥാ വായന, ഗണിത കഥാ രചന അവതരണം | ജൂൺ ജൂലൈ | ഗണിത ക്ലബ്ബ്, ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| ഗണിതാസ്വാദനം മനക്കണക്കുകൾ, പസിലുകൾ, ഇവയിലൂടെ | ഗണിതസ്വാദന ശില്പശാല മനക്കണക്കുകൾ, പസിലുകൾ ഇവയുടെ വിവിധ കളികളിലൂടെ ഗണിതശേഷികൾ സ്വയമറിയാതെ ആർജിക്കൽ, ഗണിതം ആസ്വദിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| ജാമിതീയ പാറ്റേൺ ക്രിയാത്മക നിർമ്മാണത്തിലൂടെ ഗണിതാസ്വാദനവും ശേഷികൾ കൈവരിക്കലും | കണ്ടെത്തി പഠിച്ച വിവിധ ജാമിതീയ പാറ്റേണുകളിൽ നിന്ന് പ്രകൃതിയിലെ ജീവികൾ /പൂക്കൾ തുടങ്ങിയവ നിർമ്മിക്കലിലൂടെ ക്രിയാത്മക ഗണിതശേഷി വികാസവും ഗണിത പാറ്റേൺ സൗന്ദര്യാസ്വാദനവും | വർഷത്തിൽ 1 പ്രാവശ്യം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| രസകരമായ ഗണിത | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ വിവിധ | വർഷത്തിൽ | പ്രവർത്തി | ഗണിത |

| | | | | |
|---|---|---|---|---|
| പഠനവും കരചലനശേഷികളുടെ വികാസവും | ഗണിതരൂപങ്ങൾ നിർമ്മിക്കൽ അവയുടെ സവിശേഷതകൾ കണ്ടെത്തൽ, അവതരണം | 1 പ്രാവശ്യം | പരിചയ അധ്യാപക ഗണിത അധ്യാപകർ | ക്ലബ്ബ് |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**സയൻസ്- UP വിഭാഗം**

**2025-'26**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>ജൈവവൈവിധ്യ പാർക്ക്</u><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br><u>കണ്ടറിയാൻ ഒരു യാത്ര</u><br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കണ്ടൽക്കാട് നിരീക്ഷണം, കാവുകൾ സന്ദർശനം, പരിസ്ഥിതി നടത്തം | അക്കാദമിക വർഷം<br><br>ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്, ഊർജ്ജക്ലബ്ബ്<br><br>ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്, | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | <u>പരീക്ഷണ കളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ,<br>സയൻസ് ക്ലബ്ബ്,<br>ഹെൽത്ത് ക്ലബ്,<br>ഊർജ്ജക്ലബ്ബ് | |
| 2 ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക .<br>ആധുനികശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | <u>എക്സ്പോ</u><br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>ലഹരി വിരുദ്ധ അവബോധ ക്ലാസ്<br><u>ശാസ്ത്ര വിസ്മയ ചുമർ</u><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ നിർമ്മിക്കുന്നു.<br><u>ശാസ്ത്ര ലൈബ്രറി</u><br>കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br>കുട്ടികളുടെ ഉത്പന്നങ്ങളുടെ പ്രദർശനം | അക്കാദമിക വർഷം<br>ജൂൺ<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>ശാസ്ത്രാധ്യാപകർ<br>ശാസ്ത്രാധ്യാപകർ<br>ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ്, |

| | | | | |
|---|---|---|---|---|
| 3 പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. ഇലക്ട്രോണിക് റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ്, |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## സാമൂഹ്യശാസ്ത്രം- UP വിഭാഗം

## 2025-'26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്ര അടിസ്ഥാന അറിവ് . ആശയങ്ങൾ സ്വായത്തമാക്കൾ | <u>അകത്തട്ട്</u>:- കളിയിൽ നിന്ന് കാര്യങ്ങളിലേക്ക് അടിസ്ഥാന അറിവ് പരിശോധനയുടെ ഭാഗമായ വിവിധ പ്രഹേളികകൾ പഠിതാവിന് നൽകൽ<br><u>ഓർമ്മച്ചെപ്പ്</u>:- ഭൂഖണ്ഡ-രാജ്യ-സംസ്ഥാന-ജില്ല അതിർത്തി നദികൾ ഭൂപ്രകൃതി ICT സാധ്യത ഉപയോഗിച്ചുള്ള ഓർമ്മ പരിശോധന | ജൂൺ<br>ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| .പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റൽ<br>.ജനാധിപത്യ ബോധം നിർമ്മിതി | .വെർച്ച്വൽ ഫീൽഡ് ട്രിപ്പ് ചരിത്ര പ്രാധാന്യ സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം<br>.ഗ്രാമസഭ വാർഡ് സഭ എന്നിവയിലെ പങ്കാളിത്തം<br>. വിവിധ പ്രകൃതിദുരന്ത ഭീഷണികളെ | ജൂൺ<br>ജൂൺ - മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| .പ്രകൃതി ദുരന്ത അവബോധം | മനസ്സിലാക്കൽ ഫയർഫോഴ്സ് ഡെമോ ക്ലാസുകൾ | ജൂൺ | |
| സഹജീവി സ്നേഹം വളർത്തൽ | .പ്രകൃതിദുരന്തം സംഭവിച്ച സ്ഥലങ്ങൾ- കഴിയാവുന്ന സേവനം ചെയ്യാനുള്ള അവസരം<br>.മിതവ്യയ ശീലം - ഫണ്ട് സ്വരൂപീകരണം അർഹർക്ക് എത്തിക്കൽ | ജൂൺ - മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സൈബർ ഇടം ട്രാഫിക് അവബോധം | ട്രാഫിക് പോലീസ്, സൈബർ എക്സ്പേർട്ട് തുടങ്ങിയവരുടെ സഹായത്തോടെ രക്ഷിതാക്കൾ ഉൾപ്പെടെയുള്ളവർക്ക് ബോധവൽക്കരണ ക്ലാസ് | ജൂൺ - മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സുസ്ഥിരവികസന കാഴ്ചപ്പാട് രൂപീകരണം | പരിസ്ഥിതി പ്രശ്നങ്ങൾ – ക്ലാസ്സുകൾ - ശിൽപ്പശാലകൾ - ഫീൽഡ് ട്രിപ്പ് | ജൂൺ - മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പത്രവായന പ്രോത്സാഹനം - ആനുകാലിക സംഭവങ്ങളെ അറിയൽ | *എല്ലാ മാസത്തിലും ആദ്യത്തെയും മൂന്നാമത്തെയും തിങ്കളാഴ്ചകളിൽ പത്രങ്ങളെ അടിസ്ഥാനപ്പെടുത്തി ക്ലാസ് തല ക്വിസ്<br>*മാസാവസാനം ക്ലാസ് തല ജേതാക്കളെ ഉൾപ്പെടുത്തി സ്കൂൾ തല ക്വിസ് മത്സരം | ജൂലൈ- മാർച്ച് | സാമൂഹ്യശാസ്ത്ര ക്ലബ് |
| പ്രസംഗ പാടവം വളർത്തൽ, നേതൃത്വശേഷി വികാസം | വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് പ്രസംഗമത്സരം - ജനസംഖ്യാ ദിനം, സ്വാതന്ത്ര്യദിനം | ജൂലൈ - ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര ക്ലബ് |